## പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 238 — 02/03/2020-ൽ മറുപടിയ്ക്ക്

**കാസർകോട് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.സി.കമറുദ്ദീൻ** | **കെ.കെ.ശൈലജടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശു വികസനവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | കാസർകോട് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത നിർമ്മാണ പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കാമോ; | (എ) | കാസർകോട് മെഡിക്കൽ കോളേജിന്റെ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം 85% പൂർത്തീകരിച്ചിട്ടുണ്ട്. 523.04 ലക്ഷം അടങ്കൽ തുകയിൽ അക്കാദമിക് ബ്ലോക്കിലെ ഇലക്ട്രിക്കൽ ജോലികളും, ഫയർ പ്രൊട്ടക്ഷൻ ജോലികളും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. എൻട്രി/എക്സിറ്റ് റോഡുകളുടെ നിർമ്മാണം, കുഴൽക്കിണറിന്റെ നിർമ്മാണം എന്നിവ പൂർത്തിയായിട്ടുണ്ട്. വാട്ടർ ടാങ്ക്, സെപ്റ്റിക് ടാങ്ക് എന്നിവയുടെ നിർമ്മാണം, ടൈൽ വർക്ക് എന്നിവ പൂർത്തിയായി. ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം നിലവിൽ 28% പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | രോഗികൾക്ക് എത്രയും വേഗം ചികിത്സ ലഭ്യമാക്കുന്നതിനായി അക്കാദമിക് ബ്ലോക്കിൽ ഒ.പി ആരംഭിക്കുന്നതിനാവശ്യമായ ക്രമീകരണം നടത്തുവാനുള്ള തീരുമാനം അനുസരിച്ച് എപ്പോൾ ഒ.പി ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ; | (ബി) | രോഗികൾക്ക് എത്രയും വേഗം മെച്ചപ്പെട്ട ചികിത്സ നൽകുക എന്ന ലക്ഷ്യത്തോടെ, നാഷണൽ ഹെൽത്ത് മിഷൻ (NHM) മുഖേന ഡോക്ടർമാരെ നിയോഗിച്ചുകൊണ്ട്, അക്കാദമിക് ബ്ലോക്കിൽ ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തി താൽക്കാലികമായി ഒ.പി സംവിധാനം ആരംഭിക്കുന്നതിനുള്ള അടിയന്തിര നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. ഒ.പി സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കി ഉടനെ പ്രവർത്തന സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | കാസർകോട് മെഡിക്കൽ കോളേജിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. നബാർഡിന്റെ ധനസഹായത്തോടെ പണി പുരോഗമിച്ചു കൊണ്ടിരിക്കുന്ന ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം 28 ശതമാനവും, കാസർകോട് വികസന പാക്കേജിൽ ഉൾപ്പെടുത്തി നിർമ്മാണം നടന്നുവരുന്ന അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം 85 ശതമാനവും നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. കാസർകോട് വികസന പാക്കേജിൽ ഉൾപ്പെടുത്തി, 80 ലക്ഷം രൂപ ചെലവിൽ എലിവേറ്റർ സംവിധാനം, 23.7 ലക്ഷം രൂപ ചെലവിൽ വെന്റിലേഷൻ |

| | | | |
|---|---|---|---|
| | | | സംവിധാനം, 2901.47 ലക്ഷം രൂപ ചെലിവിൽ റസിഡൻഷ്യൽ സംവിധാനം, 800 ലക്ഷം രൂപ ചെലവിൽ വാട്ടർ സപ്ലൈ സംവിധാനം എന്നിവ പൂർത്തിയാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ